**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1353** **12-02-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത തസ്തികകളുടെ വിവരം വിദ്യാലയം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ എയ്ഡഡ് സ്കൂളിൽ സ്ഥിരനിയമനം നൽകിയിട്ടുള്ള അധ്യാപകരും ജീവനക്കാരും ഇപ്പോഴും ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നുണ്ടെങ്കിൽ അവരുടെ വിവരം തസ്തിക, വിദ്യാലയം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | നിരവധി തവണ വിജ്ഞാപനം നൽകിയിട്ടും പ്രസ്തുത തസ്തികകളിൽ ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടില്ലെങ്കിൽ അത്തരം വിദ്യാലയങ്ങളിലെ അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ; | (സി) | നിരവധി തവണ വിജ്ഞാപനം നൽകിയിട്ടും പ്രസ്തുത തസ്തികകളിൽ ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടില്ലെങ്കിൽ അത്തരം വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് അവരുടെ നിയമനം നടത്തിയ ഒഴിവ് നിലവിൽ വന്ന തീയതിയുടെ അടിസ്ഥാനത്തിൽ പ്രൊവിഷണലായോ ദിവസവേതനാടിസ്ഥാനത്തിലോ അംഗീകാരം നൽകുന്നതിന് തടസ്സമില്ല. എന്നാൽ സ്ഥിരം നിയമനാംഗീകാരം നൽകുന്നതിന് ബഹു. സുപ്രീം കോടതി, ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ RPWD Act 2016, സെക്ഷൻ 34(1), (2) എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ഡി) | ഭിന്നശേഷി സംവരണത്തിനു വേണ്ടി നീക്കി വെച്ചിട്ടുള്ള തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തത് മൂലം സ്ഥിര നിയമനം ലഭിച്ചിട്ടും ദിവസ വേതനാടിസ്ഥാനത്തിൽ ഇപ്പോൾ | (ഡി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമന വിഷയം ബഹു. സുപ്രീംകോടതിയുടേയും ബഹു. ഹൈക്കോടതിയുടേയും നിർദ്ദേശങ്ങൾക്കനുസൃതമായാണ് തുടർ നടപടി |

| | | | |
|---|---|---|---|
| | സേവനമനുഷ്ഠിക്കുന്ന എയ്ഡഡ് സ്കൂളിലെ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുക ഭിന്നശേഷി സംവരണ തസ്തികയിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന തീയതി മുതൽ ആണോ അധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതലാണോ എന്ന് വ്യക്തമാക്കാമോ? | | സ്വീകരിച്ചുവരുന്നത്. ബഹു. ഹൈക്കോടതിയുടെ WA No. 1602/2022 ലും അനുബന്ധ കേസുകളിലും പുറപ്പെടുവിച്ച വിധിന്യായത്തിനനുസൃതമായി ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ പൂർണമായി പാലിക്കുന്നതുവരെ 08.11.2021 ന ശേഷമുള്ള ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നികത്താവൂ.. ഇപ്രകാരം സംവരണ നിയമന വ്യവസ്ഥകൾ പാലിക്കുന്ന മുറയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചവരെ അവരുടെ നിയമന തീയതി മുതൽ ശമ്പള വ്യവസ്ഥയിൽ ക്രമീകരിക്കുവാൻ സ.ഉ.(കൈ) നം.29/2023/പൊ.വി.വ 24-03-2023 നമ്പർ ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ